പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2961 — 17.10.2016 -ൽ മറുപടിക്ക്.

**ഭക്ഷ്യോപദേശക വിജിലൻസ് സമിതികളുടെ രൂപീകരണം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജെയിംസ് മാത്യു**<br>**ശ്രീ.വി. ജോയി**<br>**ശ്രീ.കെ.ഡി.പ്രസേനൻ**<br>**ശ്രീ.ആർ. രാജേഷ്** | **ശ്രീ. പി. തിലോത്തമൻ**<br>**(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ സാധനങ്ങൾ പൊതുജനങ്ങൾക്ക് കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുന്നതിനും റേഷൻ വിതരണത്തിലെ ക്രമക്കേടുകൾ കണ്ടെത്തുന്നതിനുമായി സംസ്ഥാനത്ത് ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ രൂപീകരിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ സമിതികളുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ; | (ബി) സംസ്ഥാനത്ത് പൊതു വിതരണ സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി മൂന്ന് തലത്തിലുള്ള ഭക്ഷ്യോപദേശക വിജിലൻസ് സമിതികൾ ആണ് നിലവിലുള്ളത്. ജില്ല/താലൂക്ക് തല വിജിലൻസ് സമിതികൾ മാസത്തിലൊരിക്കലും പഞ്ചായത്ത് തല വിജിലൻസ് സമിതികൾ രണ്ട് മാസത്തിലൊരിക്കലും യോഗം ചേരേണ്ടതാണ്. പൊതു വിതരണ സമ്പ്രദായം കാര്യക്ഷമതയോടും കുറ്റമറ്റ രീതിയിലും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും കൂടാതെ കാർഡ് ഉടമകൾക്ക് അർഹതപ്പെട്ട റേഷൻ കൃത്യമായ അളവിലും വിലയിലും ഗുണനില വാരത്തിലും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതും കമ്മിറ്റിയുടെ ചുമതലകളിൽ ഉൾപ്പെടുന്നു. |
| (സി) റേഷൻ സാധനങ്ങളുടെ വിതരണം സംബന്ധിച്ച് പൊതുജനങ്ങൾക്കുണ്ടാകുന്ന പരാതികൾ യഥാസമയം തീർപ്പാക്കുന്നതിനും സുതാര്യവും കാര്യക്ഷമവും അഴിമതി രഹിതവുമായ പൊതുവിതരണ സമ്പ്രദായം നടപ്പാക്കുന്നതിനും പ്രസ്തുത സമിതികൾ മുഖേന എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) എല്ലാ ജില്ലകളിലും കൃത്യമായ ഇടവേളകളിൽ യോഗം ചേരുക, കമ്മിറ്റികളിൽ ഉന്നയിക്കുന്ന പ്രശ്നങ്ങൾ അടിയന്തിരമായി പരിഹരിക്കുക, ഗുണ നിലവാരമുള്ള ഭക്ഷ്യ വസ്തുക്കൾ കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, കൃത്യമായ അളവിലും തൂക്കത്തിലും സാധനങ്ങൾ ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, വ്യാപാര സ്ഥാപനങ്ങൾ വൃത്തിയായി സൂക്ഷിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക, കേടായ ഭക്ഷ്യ സാധനങ്ങൾ വിൽക്കുന്നില്ല എന്ന് ഉറപ്പ് വരുത്തുക. വില വിവര പട്ടിക പ്രദർശിപ്പിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക എന്നിവയാണ് ഭക്ഷ്യോപദേശക വിജിലൻസ് കമ്മിറ്റിയിലൂടെ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ